**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2511** **06-10-2025 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്‌ബി പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപയുടെ ഭരണാനുമതി ലഭിച്ച കോട്ടക്കൽ നിയോജക മണ്ഡലത്തിലെ കുറ്റിപ്പുറം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ഒരു കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പൊന്മള ഗവൺമെന്റ് യു. പി. സ്കൂൾ എന്നിവയുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | കിഫ്‌ബി പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപയുടെ ഭരണാനുമതി ലഭിച്ച ജി.എച്ച്.എസ്.എസ് കുറ്റിപ്പുറം സ്കൂൾ പ്രവൃത്തി, പദ്ധതി നിർവ്വഹണ ഏജൻസി ടെണ്ടർ ചെയ്ത് 12.08.2025ന കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തിയുടെ പ്രാരംഭ നടപടിയായ നിർമ്മാണ സാമഗ്രികളുടെ ഗുണ നിലവാര പരിശോധന പൂർത്തികരിച്ചിട്ടുണ്ട്. പ്രവൃത്തി ഉടനടി ആരംഭിക്കുമെന്ന് പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.<br><br>കിഫ്‌ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയുടെ ഭരണാനുമതി ലഭിച്ച ജി.യു.പി.എസ് പൊന്മള സ്കൂളിലെ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. നിലവിൽ ഫൗണ്ടേഷൻ പ്രവൃത്തി പൂർത്തികരണ ഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ്സ്-ന് കിഫ്‌ബിയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത പദ്ധതികളുടെ പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റിന് കിഫ്‌ബിയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ജിഎച്ച് എസ് എസ് കുറ്റിപ്പുറം സ്കൂളിലെ പ്രവൃത്തി പതിനഞ്ച് മാസത്തിനകവും ജി.യു.പി.എസ് പൊന്മള സ്കൂളിലെ പ്രവൃത്തി ഒൻപത് മാസത്തിനകവും പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ